Talented Bankers Literary Panel
Book Introduction 199

പുസ്തകം പരിചയപ്പെടുത്തുന്നത്,
മാധവി വി കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
TFCPC, എറണാകുളം.

ന്യൂറോ ഏരിയ
ശിവൻ എടമന

ഡി സി ബുക്സ്ന്റെ ക്രൈം ഫിക്ഷൻ അവാർഡ് 2020 നേടിയ കൃതി. എന്റെ ലോക്ക് ഡൗൺ വായനകളിൽ ഒന്ന്. ഒരൊറ്റ ദിവസം കൊണ്ട് വായിച്ചു തീർന്ന പുസ്തകം എന്നു തന്നെ പറയാം.

മെഡിക്കൽ പശ്ചാത്തലത്തിൽ എഴുതപെട്ട ഒരു ക്രൈം ത്രില്ലർ . കൊച്ചി നഗരത്തിൽ സ്ഥിതി ചെയ്യുന്ന ആദ്യത്തെ യന്ത്രവത്കരിക്കപ്പെട്ട ആശുപത്രി ആയ സതേൺ ഹെൽത്ത് കെയർ ഹോസ്പിറ്റലിൽ ആണ് കഥ നടക്കുന്നത്. അവിടത്തെ ചെയർമാൻ ഡോക്ടർ രാഹുൽ ശിവശങ്കർ, ന്യൂറോ സർജൻ ഡോക്ടർ ഡേവിഡ് ലൂക്ക, കാഷ്വാൽറ്റിയിൽ ദിവസവേതനത്തിനു ജോലി ചെയ്യുന്ന ജൂനിയർ ഡോക്ടർ മീനാക്ഷി, ഡെപ്യൂട്ടി ചെയർമാൻ ഡോക്ടർ ലളിത മഹാദേവി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ.
ബ്രെയിൻ അപ്‌ലോഡിങ് എന്ന താരതമ്യേന പുതിയ ഒരു രംഗം ആണ് കഥയുടെ അടിസ്ഥാനം. വളരെ ഉദ്വേഗജനകമായി മുന്നോട്ടു പോകുന്ന കഥ. അവസാനം വരെയും യഥാർത്ഥ കുറ്റവാളി ആരെന്നു യാതൊരു തരത്തിലും ഊഹിക്കുവാൻ ഇടനൽകാത്ത രീതിയിൽ കെട്ടുറപ്പുള്ള കഥ. രാഹുൽ ശിവശങ്കർ ഒരു അപകടത്തിൽ പെട്ടു സതേൺ ഹെൽത്ത് കെയർ ആശുപത്രിയിൽ തന്നെ സർജറിക്കു വിധേയമാകുന്നു. ചെയ്യുന്നത് ന്യൂറോ സ്പെഷ്യലിസ്റ്റ് ഡോക്ടർ ഡേവിഡ് ലൂക്ക. അദ്ദേഹത്തെ സഹായിക്കാൻ സിസ്റ്റർ താരയും ജൂനിയർ ഡോക്ടർ മീനാക്ഷിയും. സർജറി കഴിഞ്ഞ രാഹുലിനെ ഡോക്ടർ ലൂക്ക ന്യൂറോ ഏരിയലിലേക്കു മാറ്റാൻ പറയുന്നു. ആ ആശുപത്രിയിലെ ഏറ്റവും അധികം സുരക്ഷ ക്രമീകരണങ്ങൾ ഉള്ള സ്ഥലം. ഡോക്ടർ ലൂക്ക രാഹുൽ പിന്നെ താര അല്ലാതെ ആർക്കും അവിടെ പ്രവേശിക്കാൻ പോലും സാധ്യമല്ല. അതിനാൽ തന്നെ ബോർഡ് മെമ്പേഴ്സിന്റെ ഇടയിൽ ഇതിനെ ചൊല്ലി അസ്വാരസ്യങ്ങൾ ഉടലെടുക്കുന്നു. ആ സുരക്ഷ ക്രമീകരണങ്ങൾ മറികടക്കാൻ അവരൊരു ഹാക്കറിനെ വരെ കൊണ്ട് വരുന്നു.
ഇതിന്റെ ഇടയിൽ ഡോക്ടർ ലൂക്ക കൊല്ലപ്പെടുന്നു. സിസ്റ്റർ താരയും വൈകാതെ കൊല്ലപ്പെടുന്നു. അതോടെ ന്യൂറോ ഏരിയയിൽ കടക്കാനുള്ള അനുവാദം ഡോക്ടർ മീനാക്ഷിക്ക് ലഭിക്കുന്നു. ഇതോടെ മീനാക്ഷി പോലീസിന്റെ സംശയ വലയിൽ ആകുന്നു.

മീനാക്ഷിക്ക് നേരെയും വധശ്രമം നടക്കുന്നു. എന്നാൽ അതു മീനാക്ഷിയുടെ തോന്നൽ മാത്രമാണെന്ന് പറഞ്ഞു ഹോസ്പിറ്റൽ ഡെപ്യൂട്ടി ചെയർമാൻ ഡോക്ടർ ലളിത മഹാദേവി അവരെ സൈക്യാട്രിസ്റ്റിനെ കാണാൻ പറയുന്നു. അദ്ദേഹവും അതവരുടെ തോന്നൽ മാത്രമാണെന്ന് പറയുന്നതോടെ മീനാക്ഷി ഒറ്റപ്പെടുന്നു. ഒരു ജൂനിയറും ദിവസവേതനത്തിൽ ജോലി ചെയ്യുന്നതുമായ തന്നെ എന്തിനു ന്യൂറോ ഏരിയയിൽ കടക്കാൻ അനുവദിച്ചു എന്നും തന്നെ എന്തിനു കൊല്ലാൻ ശ്രമിച്ചു എന്നും അവർ ആലോചിക്കുന്നു.
ഇതിന്റെ എല്ലാം ഉത്തരമാണ് ഈ നോവലിന്റെ ബാക്കി. അതിനാൽ തന്നെ ഇനി എന്തെങ്കിലും പറഞ്ഞാൽ അതൊരുപക്ഷേ വായനരസത്തിൽ കല്ലുകടി ആകാമെന്നതിനാൽ കൂടുതൽ പറയുന്നില്ല

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് , ബ്രെയിൻ ഡൗൺലോഡിങ് ,റൊബോട്ടിക്സ് എന്നിവയെല്ലാം കോർത്തിണക്കികൊണ്ടു എഴുതിയ ഒരു ക്രൈം ത്രില്ലർ. ഈ പുസ്തകം ഡിസി ബുക്സ്ന്റെ മികച്ച ക്രൈം ഫിക്ഷൻ 2020 പുരസ്‌കാരം നേടിയതിൽ ഒട്ടും സംശയിക്കേണ്ട. എന്ത് കൊണ്ടും അർഹതപ്പെട്ട പുരസ്‌കാരം.
പുസ്തകം വായിച്ചു തീരുന്നവരെയും യഥാർത്ഥ കുറ്റവാളി ആരെന്നു ഒരു സൂചനയും എനിക്ക് കിട്ടിയില്ല. മിക്ക ക്രൈം ത്രില്ലറുകളിലും കുറ്റവാളി ആരാണെന്നു ഒരു തോന്നൽ എങ്കിലും വരികയും മിക്കവാറും അതു ശെരിയാവുകയും ചെയ്യാറുണ്ട്. എന്നാലിതിൽ യഥാർത്ഥ കുറ്റവാളി പ്രത്യക്ഷപ്പെടുമ്പോൾ മാത്രമേ നമുക്കു അറിയാൻ സാധിക്കുന്നുള്ളു. കഥാകൃത്തിന്റെ ഈ കഴിവ് ഈ പുസ്തകം ആസ്വദിക്കുന്നതിനു വളരെയധികം സഹായിച്ചു.
ക്രൈം ത്രില്ലറുകൾ ഇഷ്ടപെടുന്ന ഏതൊരാൾക്കും വളരെയധികം ഇഷ്ടപെടുന്ന പുസ്തകം ആയിരിക്കും ഇതെന്ന് ഒരു സംശയവുമില്ല.

ബാക്കി വായിച്ചു അറിയുക

Publisher DC Books
Price Rs 299/-